Series P/PB2/1

SET 1

CLASS X PRE-BOARD EXAMINATION – 2025-26

Q.P. Code: 012/2/1

Roll No. | | | | | | | | |

Candidate must write the Q.P. Code on the title page of the answer-book.

- ചോദ്യപേപ്പറിൽ അച്ചടിച്ച **8** പുറങ്ങളുണ്ടെന്ന് ദയവുചെയ്ത് ഉറപ്പുവരുത്തുക.
  Please check that this question paper contains **8** printed pages.
- ചോദ്യപേപ്പറിൽ **8** ചോദ്യങ്ങൾ ഉണ്ടെന്ന് ദയവുചെയ്ത് ഉറപ്പുവരുത്തുക.
  Please check that this question paper contains **8** questions.
- പരീക്ഷാർത്ഥി ചോദ്യപേപ്പറിന്റെ വലതുമുകൾഭാഗത്ത് കൊടുത്തിരിക്കുന്ന ചോദ്യപേപ്പർ കോഡ് ഉത്തരക്കടലാസിന്റെ ടൈറ്റിൽ പേജിൽ എഴുതേണ്ടതാണ്.
  Q.P. Code given on the right hand side of the question paper should be written on the title page of the answer-book by the candidate.
- **ഉത്തരം എഴുതുന്നതിന് മുമ്പായി ഉത്തരകടലാസിൽ ചോദ്യത്തിന്റെ ക്രമനമ്പർ എഴുതുക.**
  Please write down the serial number of the question in the answer-book before attempting it.
- ചോദ്യപേപ്പർ വായിക്കാൻ 15 മിനിറ്റാണ് അനുവദിച്ചിട്ടുള്ളത്. വിദ്യാർത്ഥികൾക്ക് ചോദ്യങ്ങൾ വായിച്ചു നോക്കാനുള്ള സമയമാണിത്. ഈ സമയം ഉത്തരകടലാസ്സിൽ ഒരു ഉത്തരവും എഴുതാൻ ശ്രമിക്കരുത്.
  15 minute time has been allotted to read this question paper. The students will read the question paper only and will not write any answer on the answer-book during this period.

മലയാളം
MALAYALAM

അനുവദിച്ച സമയം : 3 മണിക്കൂർ — *ആകെ മാർക്ക് : 80*

Time allowed : 3 hours — *Maximum Marks : 80*

General Instructions:

*This question paper is divided into **four** sections:*

***Section A :** Reading Comprehension - 15 marks*
***Section B :** Creative Writing - 14 marks*
***Section C :** Grammar - 15 marks*
***Section D :** Literature - 36 marks*

*ചോദ്യപേപ്പർ **4** വിഭാഗങ്ങളായി തരംതിരിച്ചിരിക്കുന്നു.*

എ വിഭാഗം : വായനാ ഗ്രഹണശേഷി - 15 മാർക്ക്
ബി വിഭാഗം: സർഗ്ഗാത്മക എഴുത്ത് - 14 മാർക്ക്
സി വിഭാഗം: വ്യാകരണം - 15 മാർക്ക്
ഡി വിഭാഗം: സാഹിത്യം - 36 മാർക്ക്

എ വിഭാഗം (Section: A)

1 തന്നിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക **(8 X 1=8)**

ഇന്ത്യൻ ജനാധിപത്യത്തെ സുതാര്യവും അഴിമതി രഹിതവുമാക്കാനും ഭരണാധികാരികളെ കൂടുതൽ ഉത്തരവാദിത്വബോധമുള്ളവരാക്കി മാറ്റാനും ലക്ഷ്യമിട്ട് കൊണ്ടുവന്നതാണ് ഇന്ത്യയിലെ വിവരാവകാശ നിയമം. 'ജനങ്ങളാൽ, ജനങ്ങൾക്കുവേണ്ടി, ജനങ്ങളുടെ ഭരണം' എന്ന് നിർവചിക്കപ്പെട്ടിരിക്കുന്ന ഒരു ജനാധിപത്യത്തിൽ, സർക്കാരിന്റെ കൈവശമുള്ള എല്ലാ വിവരങ്ങളും അന്തർലീനമായി പൗരന്മാരുടേതാണ് എന്ന തത്ത്വത്തിലാണ് വിവരാവകാശ നിയമം (RTI) സ്ഥാപിതമായത് എന്ന് കേന്ദ്ര വിവരാവകാശ കമ്മീഷണറായിരുന്ന ശൈലേഷ് ഗാന്ധി അടുത്തിടെ വ്യക്തമാക്കുകയുണ്ടായി. വിവരാവകാശ നിയമം ഇന്ത്യൻ ജനതയെ കൂടുതൽ ശാക്തീകരിച്ചു എന്നത് പ്രധാന സംഗതിയാണ്. ഇന്ത്യൻ പൗരൻ എന്ന നിലയിൽ സർക്കാർ കാര്യങ്ങൾ അറിയാൻ ഓരോ വ്യക്തിയ്ക്കും അവകാശമുണ്ട്. അത് ഉറപ്പു നൽകിയ നിയമമാണ് 2005-ലെ വിവരാവകാശ നിയമം. ഡോ. മൻമോഹൻ സിങ് പ്രധാന മന്ത്രിയായിരിക്കെയാണ് ഈ നിയമം നടപ്പിലാക്കിയത്. പൗരന്മാർക്ക് അറിയാനുള്ള അവകാശം ഉറപ്പുവരുത്തിയ ലോകത്തിലെ അമ്പത്തിയഞ്ചാമത്തെ രാഷ്ട്രമാണ് ഇന്ത്യ. ഇന്ന് 132 രാജ്യങ്ങളിൽ ഈ നിയമത്തിന്റെ രൂപഭേദങ്ങൾ കാണാൻ സാധിക്കും. 1766 ൽ സ്വീഡനിൽ പാസാക്കപ്പെട്ട ഫ്രീഡം ഓഫ് ദി പ്രസ് ആക്ടിൽ നിന്നാണ് വിവരാവകാശ നിയമത്തിന്റെ ചരിത്രം ആരംഭിക്കുന്നത്. 1990 കളിൽ രാജസ്ഥാനിലെ മസ്ദൂർ കിസാൻ ശക്തി സംഘം അരുണ റോയിയുടെ നേതൃത്വത്തിൽ നടത്തിവന്ന ജനകീയ സമരങ്ങളിൽ നിന്നാണ് വിവരാവകാശ പ്രസ്ഥാനം ആരംഭിച്ചത്. ഗ്രാമങ്ങളിലെ തൊഴിലാളികൾക്ക് വേതനവും പഞ്ചായത്തു ചെലവുകളും അറിയാനുള്ള ആവശ്യം വലിയ പ്രസ്ഥാനമായി വളർന്നു. ഒരു ദേശീയ നിയമത്തിനായി പ്രചാരണം നടത്തുക എന്ന ലക്ഷ്യത്തോടെ 1996-ൽ നാഷണൽ കാമ്പെയ്ൻ ഫോർ പീപ്പിൾസ് റൈറ്റ് ടു ഇൻഫർമേഷൻ സ്ഥാപിതമായി. 2002-ൽ പാസാക്കിയ Freedom of Information Act ഫലപ്രദമാകാതെ പോയതോടെ, അന്നത്തെ യു പി എ സർക്കാർ 2005-ൽ വിവരാവകാശ നിയമം (RTI Act 2005) കൊണ്ടുവന്നു. ഇത് 2005 ഒക്ടോബർ 12 നാണ് പ്രാബല്യത്തിൽ വന്നത്.

<u>ചോദ്യങ്ങൾ</u>

1(a) ഇന്ത്യൻ ജനാധിപത്യത്തെ സുതാര്യവും അഴിമതി രഹിതവുമക്കാനും ലക്ഷ്യമിട്ട് കൊണ്ടുവന്ന നിയമമേത്?

1(b) ജനാധിപത്യം നിർവചിക്കപ്പെട്ടിരിക്കുന്നതെങ്ങനെ?

1(c) ഏതു തത്ത്വത്തിന്റെ അടിസ്ഥാനത്തിലാണ് വിവരാവകാശ നിയമം (RTI) സ്ഥാപിതമായിരിക്കുന്നത്?

1(d) ശൈലേഷ് ഗാന്ധി ഏതു നിലയിലാണ് പ്രശസ്തനായത്?

1(e) "ലോകത്തിലെ അമ്പത്തിയഞ്ചാമത്തെ രാഷ്ട്രമാണ് ഇന്ത്യ" - ഏതു കാര്യത്തിലാണ് ഇന്ത്യ ഈ സ്ഥാനത്തെത്തിയത്?

1(f) ആരു പ്രധാനമന്ത്രിയായിരിക്കെയാണ് വിവരാവകാശ നിയമം നടപ്പാക്കിയത്?

1(g) എവിടെ നിന്നാണ് വിവരാവകാശനിയമത്തിന്റെ ചരിത്രം ആരംഭിക്കുന്നത്?

1(h) വിവരാവകാശം ഒരു പ്രസ്ഥാനമായി ആരംഭിച്ചതെങ്ങനെ?

2 തന്നിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക **(7 X 1=7)**

കഥകളി എന്ന ദൃശ്യകല വേരൂന്നുന്നത് കാഴ്ചാനുഭവത്തിലാണ്. Total theater എന്നറിയപ്പെടുന്ന കഥകളിയുടെ സംഗീത വഴികളും വാദ്യഘോഷങ്ങളും ശബ്ദായമാനമാണ്. ഏറ്റവും ദൂരെ കേൾക്കുന്ന ചെണ്ടയുടെ അതിപ്രസരം ഇതിന് ഉദാഹരണമാണ്. നൃത്തവിന്യാസങ്ങളും സംഭാഷണങ്ങളും ചടുലമാണ്. അതുകൊണ്ടുതന്നെ കാണികൾ അതിൽ പെട്ടുപോകുന്നു. ദൃശ്യകലകളുടെ ഉദ്ദേശ്യം പ്രേക്ഷകനെ ആവാഹിച്ചിരുത്തുക എന്നതാണ്. കഥകളിയിലാവാട്ടെ ഇത് അസാമാന്യ ചാതുര്യമോടെ നടപ്പാക്കപ്പെടുന്നുണ്ട്. മനുഷ്യേതരവും യുക്തിരഹിതവുമായ വേഷഭൂഷകളും ആഭരണജാലങ്ങളും വൻ കിരീടങ്ങളും അതിന്റെ ഭാഗമാകുന്നു. മനുഷ്യന്റെ ആന്തരിക സംഘർഷങ്ങളുടെ ഉള്ളു തുറന്നുപരിശോധിക്കുന്ന ഗ്രീക്കുനാടകങ്ങളും ഈ ലക്ഷ്യത്തെയാണ് പിൻപറ്റുന്നത്. തീയേറ്ററിന്റെ ചരിത്രം ഉദ്ഘോഷിക്കുന്നത് മാനസിക സംഘർഷങ്ങളെ ഒളിച്ചുകടത്തുന്നത് എങ്ങനെയെന്നാണ്. നാടകീയതയ്ക്ക് അപ്പുറമോ ഇപ്പുറമോ ഉൾച്ചേരേണ്ടതാണ് കഥാപാത്രങ്ങളുടെ മാനസിക സംഘർഷങ്ങൾ. ഒരു കഥാപാത്രത്തിന്റെ ചിന്താപദ്ധതിയും മാനസിക നിലപാടുകളും കാണികളെ പിടിച്ചിരുത്തുന്ന തരത്തിൽ അവതരിപ്പിക്കുക ദുഷ്കരമാണ്. കൂടിയാട്ടത്തിൽ ഇത്തരം സന്ദർഭങ്ങളുണ്ട്. പക്ഷേ കൂടിയാട്ടം അതിൽ അതീവ തൽപ്പരരായ കുറച്ചുപേർക്കുമാത്രമായി ആവിഷ്കരിക്കപ്പെടുന്നതാണ്. ആത്മ സംഘർഷങ്ങളാണ് കഥയെ മുന്നോട്ട് നയിക്കുന്നത്. ഇതു വിശദീകരിക്കാനാണ് ആത്മഭാഷണം അല്ലെങ്കിൽ സ്വഗതകഥനങ്ങൾ ഗ്രീക്കു നാടകങ്ങളിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഷേക്സ്പിയറാകട്ടെ ഇത് ചുരുക്കിയെടുത്ത് ചില പ്രസ്താവനകളായ് ഗാംഭീര്യത്തോടെ ഉൾച്ചേർത്തിട്ടുണ്ട്. 'To be or not to be', 'I am not what I am' എന്നൊക്കെയുള്ള ഉക്തികൾ പ്രത്യക്ഷപ്പെടുന്നതിന്റെ കാരണവഴികൾ ഇതൊക്കെയാണ്. എന്നാൽ കഥകളിയിൽ പദ്യമാണ്/ പദമാണ് പ്രധാനം. ഇവിടെ നടനോ നടിയോ സംസാരിക്കുന്നില്ല. കഥകളി നൃത്തനാടകമാണ്, സംഗീതമയമാണ്, കാവ്യാംശുപരിപൂരിതമാണ്. നീണ്ടനീണ്ട സംഭാഷണങ്ങൾ പ്രേക്ഷകരെ ഉദാസീനരാക്കുന്നില്ല. അംഗവിക്ഷേപങ്ങളും മുദ്രകളും നൃത്താംശവും ഉത്സാഹപ്രദമായ അന്തരീക്ഷം അരങ്ങത്തു സൃഷ്ടിക്കപ്പെടുന്നു. നളചരിതം ആട്ടക്കഥയുടെ കർത്താവായ ഉണ്ണായിവാര്യർ, മറ്റു കഥകളിയിൽ കാണപ്പെടാത്ത രീതിയിൽ ആത്മഭാഷണങ്ങൾ ആവിഷ്കരിക്കുന്നതിൽ സമർഥനുമാണ്.

<u>ചോദ്യങ്ങൾ</u>

2(a) കഥകളി വേരൂന്നുന്നത് എവിടെ?

2(b) കാണികൾ കഥകളിയിൽ പെട്ടുപോകുന്നത് എന്തുകൊണ്ട്?

2(c) ഗ്രീക്കുനാടകങ്ങൾ ഏതു ലക്ഷ്യത്തെയാണ് പിൻപറ്റുന്നത്?

2(d) തീയേറ്ററിന്റെ ചരിത്രം ഉദ്ഘോഷിക്കുന്നതെന്ത്?

2(e) സ്വഗതകഥനങ്ങൾ ഗ്രീക്കു നാടകങ്ങളിൽ ഉൾപ്പെടുത്തിയിരിക്കുന്നത് എന്തിനാണ്?

2(f) ഉത്സാഹപ്രദമായ അന്തരീക്ഷം അരങ്ങത്തു സൃഷ്ടിക്കുന്നതെങ്ങനെ?

2(g) ആത്മഭാഷണങ്ങൾ ആവിഷ്കരിക്കുന്നതിൽ സമർഥനാരാണ്?

ബി വിഭാഗം (Section: B)

3(a) താഴെ കൊടുത്തിരിക്കുന്ന ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ഒന്നരപ്പുറത്തിൽ കവിയാതെ ഉപന്യസിക്കുക (5 X 1=5)
(i) നവമാധ്യമങ്ങളുടെ സ്വാധീനം വിദ്യാർഥികളിൽ
(ii) കാലാവസ്ഥാവ്യതിയാനം കേരളത്തിൽ

3(b) പുതിയ തലമുറ വിദ്യാഭ്യാസത്തിനും തൊഴിലിനും വിദേശ രാജ്യങ്ങളെ ആശ്രയിക്കേണ്ടിവരുന്നതിന്റെ ആപത്ത് ചൂണ്ടിക്കാട്ടി കേന്ദ്രമാനവ വിഭവ ശേഷി മന്ത്രിക്ക് ഒരു കത്ത് തയ്യാറാക്കുക (5 X 1=5)

3(c) ഉപേക്ഷിക്കപ്പെടുകയോ ഒറ്റപ്പെടുകയോ ചെയ്യുന്ന വാർദ്ധക്യം എന്ന വിഷയത്തെ അധികരിച്ച് ഒരു പത്രവാർത്ത തയ്യാറാക്കുക (4 X 1=4)

സി വിഭാഗം (Section: C)

4(a) അംഗവാക്യം അംഗിവാക്യം എന്നിവ വേർതിരിച്ചെഴുതുക (2 X 1=2)
(i) സൗമ്യഭാവത്തോടുകൂടി അനങ്ങാതെ പതുക്കെ അയാൾ വാതിൽ ഉന്തി
(ii) ഇപ്പോൾ നെടുവരമ്പുവിട്ട് വെള്ളായിയപ്പൻ പറമ്പിലേക്കു കയറി

4(b) വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക (2 X 1=2)
(i) പിന്നിൽ നിലവിളി അകന്നു ശമിച്ച് ഇല്ലാതായി
(ii) അച്ഛനും മകനും നേരോടുനേരായി തെല്ലിടനേരം അല്പനേരം നിന്നു

4(c) പ്രയോഗം മാറ്റുക (2 X 1=2)
(i) തന്റെ സഗൗരവമായ ദൃഷ്ടിയെ അദ്ദേഹം മേൽപ്പോട്ട് ഉയർത്തി
(ii) അയാളാൽ കാറ്റിന്റെ ഇരമ്പിച്ച കേൾക്കപ്പെട്ടു

4(d) ഏതെങ്കിലും രണ്ടു പ്രയോഗങ്ങൾ ആശയം വ്യക്തമാകും വിധം സ്വന്തം വാക്യത്തിൽ എഴുതുക: (2 X 1=2)
(i) അക്ഷന്തവ്യമായ (ii) അക്ഷയലോകം (iii) അനുശാസനം

5 തന്നിരിക്കുന്ന പത്തു ചോദ്യങ്ങളിൽ ഏതെങ്കിലും ഏഴെണ്ണത്തിന് ശരിയുത്തരം തിരഞ്ഞെടുത്തെഴുതുക (7 X 1=7)

5(a) കാഷ്ഠം എന്ന പദത്തിന്റെ നാനാർഥപദങ്ങൾ ഏതെല്ലാം?
(a) പരകോടി-പദാർഥം (b) വിസർജ്യം-തടിക്കഷ്ണം
(c) വിശ്രമം- സ്ഥലം (d) വീര്യം-വന്യം

5(b) സുമിത്രയുടെ പുത്രൻ എന്നതിന്റെ ശരിയായ ഒറ്റപ്പദം എതാണ്?
(a) സുമിത്രൻ (b) സൗമിത്രൻ
(c) സൗമിത്രി (d) സുമിത്രാനന്ദൻ

5(c) പൊൽക്കിഴി എന്ന പദം ശരിയായി പിരിച്ചെഴുതുന്നത് എങ്ങനെ?
(a) പൊൻ + കിഴി (b) പൊൽ + കിഴി
(c) പൊൽ + ക്കിഴി (d) പൊൻ + ക്കിഴി

5(d) തന്നിരിക്കുന്നവയിൽ ശരിയായ പദം ഏതാണ്?
(a) ആഢ്യോഹം (b) ആഡ്യോഹം (c) ആഡ്ഡ്യോഹം (d) ആട്യോഹം

5(e) ശരിയായ വിഗ്രഹാർഥം എഴുതുക: കുശചീരങ്ങൾ
(a) കുശവും ചീരവും (b) കുശംകൊണ്ടുള്ള ചീരം
(c) കുശത്താൽ ചീരം (d) കുശത്തിന്റെ ചീരം

5(f) ക്ഷാമം എന്ന പദത്തിന്റെ വിപരീതപദമേത്?
(a) അക്ഷാമം (b) നക്ഷാമം
(c) ക്ഷേമം (d) അനക്ഷാമം

5(g) പാമ്പ് എന്ന പദത്തിന്റെ പര്യായം അല്ലാത്തത് ഏതാണ്?
(a) ചക്ഷു: ശ്രവണൻ (b) അഹി
(c) നഗം (d) നാഗം

5(h) വ്യഥിതൻ എന്ന വാക്കിന്റെ അർഥമായി വരുന്ന പദമേത്?
(a) വേർപെട്ടവൻ (b) മുറിവുള്ളവൻ
(c) വേദജ്ഞാനമുള്ളവൻ (d) ദു: ഖിതൻ

5(i) സഖി എന്ന പദത്തിന്റെ എതിർലിംഗ ശബ്ദമേത്?
(a) സഖാവ് (b) സഖിൻ
(c) സവിതാവ് (d) സമാനൻ

5(j) പ്രഭവം - പ്രഭാവം എന്നീ പദങ്ങളുടെ ശരിയായ അർഥവ്യത്യാസം എഴുതുക
(a) ഉദ്ഭവം-മഹത്വം (b) ശക്തി-മഹത്വം
(c) കരുത്ത്- ശ്രേഷ്ഠം (d) ജനനം- വലുത്

ഡി വിഭാഗം (Section: (D)

6 തന്നിരിക്കുന്ന പന്ത്രണ്ടു ചോദ്യങ്ങളിൽ ഒമ്പതെണ്ണത്തിന് ശരിയുത്തരം തിരഞ്ഞെടുത്തെഴുതുക **(9 X 2=18)**

6(a) (i) "മാനസതാരിൽ നിരൂപിച്ചതും തവ
ജ്ഞാനമില്ലായ്കെന്നറിക നീ ലക്ഷ്മണ" - മാനസതാരിൽ നിരൂപിച്ചത് എന്താണ്?
(a) ലോകം ദഹിപ്പിക്കുന്നതിന് (b) ലോകം നശിപ്പിക്കുന്നതിന്
(c) ഇതൊന്നുമല്ല (d) സ്നേഹിക്കുന്നതിന്
(ii) ആരാണ് ഇങ്ങനെ പറയുന്നത്?
(a) ലക്ഷ്മണൻ (b) ശ്രീരാമൻ
(c) എഴുത്തച്ഛൻ (d) വാല്മീകി

6(b) (i) "കഷ്ടകാലമഖിലം കഴിഞ്ഞു ഹാ!
ദിഷ്ടമീ വടിവിയന്നുവന്നപോൽ" - ആരുടെ കഷ്ടകാലമാണ് കഴിഞ്ഞത്?
(a) ദിവാകരന്റെ (b) നളിനിയുടെ
(c) സുമിത്രയുടെ (d) കൈകേയിയുടെ
(ii) ആരാണ് ഇങ്ങനെ അഭിപ്രായപ്പെടുന്നത്?
(a) കുമാരനാശാൻ (b) നളിനി
(c) ദിവാകരൻ (d) സന്യാസിനി

6(c) (i) "നീരറ്റു വറ്റിവരണ്ട കൈച്ചുള്ളികൾ
നീരാതെ മാറോട് ചേർത്തുവച്ചിട്ടുണ്ട്" - ആരുടെ കൈകളാണ്
മാറോട് ചേർത്തുവച്ചിരിക്കുന്നത്?
(a) അമ്മയുടെ (b) മകന്റെ
(c) ഭാര്യയുടെ (d) കവിയുടെ
(ii) ഏതു കവിതയിലെ വരികളാണിത്?
(a) പ്രിയദർശനം (b) ലക്ഷ്മണ സാന്ത്വനം
(c) അമ്മത്തൊട്ടിൽ (d) ഓണമുറ്റത്ത്

6(d) (i) "നല്ലതിഥി നമുക്കിനിയാരിതുപോലെ?"
ഇവിടെ അതിഥി ആരാണ്?
(a) വിരുന്നുകാരൻ (b) കവി
(c) പ്രകൃതി (d) ഓണത്തപ്പൻ
(ii) ഈ വരികൾ ആരുടേതാണ്?
(a) ഒ എൻ വി (b) കുമാരനാശാൻ
(c) വൈലോപ്പിള്ളി (d) റഫീക്ക് അഹമ്മദ്

6(e) (i) "അക്കുളമ്പടിയേറ്റുവീണുപായ്" - വീണുപോയതെന്ത്?
(a) ഭരണകൂടങ്ങൾ (b) സ്വപ്നങ്ങൾ
(c) രാഷ്ട്രങ്ങൾ (d) അശ്വസേനകൾ
(ii) ഈ വരികൾ ഏതു കവിതയിൽ നിന്നെടുത്തതാണ്?
(a) ഓണമുറ്റത്ത് (b) യുദ്ധത്തിന്റെ പരിണാമം
(c) പത്രനീതി (d) അശ്വമേധം

6(f) (i) "വീടാത്ത കടങ്ങൾ പടച്ചവന്റെ സൂക്ഷിപ്പുകളാണ്" -
ഇതാരുടെ വാക്കുകളാണ്?
(a) കുട്ട്യസ്സൻ മാപ്പിളയുടെ (b) മുത്തുരാവുത്തന്റെ
(c) നീലിമണ്ണാത്തിയുടെ (d) വെള്ളായിയപ്പന്റെ
(ii) കടൽത്തീരത്ത് എന്ന പാഠഭാഗം ഏതു സാഹിത്യ വിഭാഗത്തിൽ ഉൾപ്പെടുന്നു?
(a) ആത്മകഥ (b) നോവൽ
(c) കഥ (d) ജീവചരിത്രം

6(g) (i) "കാലത്തെ ആർക്കും കവച്ചുകടക്കരുതല്ലോ" ഈ സംഭാഷണം
ആരുടേതാണ്?
(a) അശ്വത്ഥാമാവ് (b) ഴാങ് വാൽ ഴാങ് (c) കർണ്ണൻ (d) ദുര്യോധനൻ

(ii) ഇത് ആരോട് പറയുന്ന വാക്കുകളാണ്?
(a) കൃപരോട് (b) സഞ്ജയനോട്
(c) കൃതവർമ്മാവിനോട് (d) അശ്വത്ഥാമാവിനോട്

6(h) (i) "ഞാൻ ശാശ്വത ലോകങ്ങൾ നേടും" - ദുര്യോധനൻ ഇങ്ങനെ പറയുന്നത് എന്തുകൊണ്ട്?
(a) സമന്തപഞ്ചകത്തിൽ കിടന്നു മരിച്ചതിനാൽ
(b) ഉറ്റവരും ഉടയവരും മരിച്ചതിനാൽ
(c) യജ്ഞം ചെയ്തതിനാൽ
(d) ജീവിതം അനശ്വരമായതിനാൽ
(ii) വാക്യഭാഗം ഉൾപ്പെടുന്ന പാഠഭാഗം ഏതു സാഹിത്യവിഭാഗത്തിൽപ്പെടുന്നു?
(a) ആത്മകഥ (b) നീണ്ടകഥ
(c) നിരൂപണം (d) ഇതിഹാസകാവ്യം

6(i) (i) "രണ്ടു നിമിഷത്തേക്ക് അയാൾ തന്റെ കാര്യം പോയി എന്നു തീർച്ചപ്പെടുത്തി" – എപ്പോൾ?
(a) തിരുക്കുറ്റിയുടെ ശബ്ദം ഉയർന്നപ്പോൾ
(b) ഇഹലോകകർമ്മങ്ങൾ വിചാരണയ്ക്ക് എടുത്തപ്പോൾ
(c) പിന്നോക്കം വീണപ്പോൾ
(d) രക്തനാഡികൾ കൊല്ലന്റെ കൂടങ്ങൾ പോലെ ആഞ്ഞടിച്ചപ്പോൾ
(ii) പാവങ്ങൾ ആരുടെ നോവലാണ്?
(a) നാലപ്പാട്ട് നാരായണമേനോൻ (b) ഴാങ് വാൽ ഴാങ്
(c) മാധവിക്കുട്ടി (d) രമാമേനോൻ

6(j) (i) "പത്രമെന്ന വിരോധാഭാസം ഇതത്രേ" - എന്താണ് വിരോധാഭാസം?
(a) പത്രത്തെ എതിർക്കുന്നതിനും പത്രത്തെത്തന്നെ ആശ്രയിക്കണം
(b) വാർത്ത അറിയുന്നതിനുള്ളതാണ് പത്രങ്ങൾ
(c) പത്രങ്ങൾ വാർത്ത നൽകുന്നതിനുള്ളതാണ്
(d) പത്രങ്ങളെപ്പറ്റി ആളുകൾ നല്ലതേ പറയുന്നുള്ളു
(ii) പത്രനീതി ആരുടെ ലേഖനമാണ്?
(a) കെ സി നാരായണൻ (b) കുട്ടികൃഷ്ണമാരാർ
(c) സുകുമാർ അഴീക്കോട് (d) എസ് കെ പൊറ്റെക്കാട്ട്

6(k) (i) "തമ്പ്രാ, ഏനു നെല്ല് കൂലി മതി. ചക്രം മേണ്ട" - ഇങ്ങനെ പറഞ്ഞത് ആരാണ്?
(a) ഔസേപ്പ് (b) തമ്പ്രാൻ
(c) കോരൻ (d) ചിരുത
(ii) ഈ സംഭാഷണം തകഴിയുടെ ഏതു നോവലിൽ നിന്നെടുത്തതാണ്?
(a) ചെമ്മീൻ (b) രണ്ടിടങ്ങഴി
(c) ഏണിപ്പടികൾ (d) അനുഭവങ്ങൾ പാളിച്ചകൾ

6(l) (i) "മോഹം കലർന്നു ജന്തുക്കൾ നിരൂപിക്കും" - നിരൂപിക്കുന്നതെന്ത്?
(a) ഞാൻ ബ്രാഹ്മണനാണ് (b) ആയുസ്സ് അല്പമാത്രമെന്ന്
(c) ലക്ഷ്മി അസ്ഥിരമെന്ന് (d) ജീവിതം സ്വപ്നതുല്യമെന്ന്

(ii) അധ്യാത്മരാമായണം കിളിപ്പാട്ട് ഏതു സംസ്കൃതകൃതിയുടെ വിവർത്തനമാണ്?
(a) വാല്മീകി രാമായണം (b) കമ്പരാമായണം
(c) തുളസീദാസരാമായണം (d) അധ്യാത്മരാമായണം

7 തന്നിരിക്കുന്നവയിൽ ഏതെങ്കിലും മൂന്നു ചോദ്യങ്ങൾക്കു മാത്രം ഉത്തരം എഴുതുക **(3 X 3=9)**

7(a) "രണ്ടു വാക്കുകൾ മാത്രം. രണ്ടു വാക്കുകൾക്കിടയ്ക്ക് സാന്ത്വനത്തിന്റെ നിറവ്". ഇത്തരത്തിൽ അർഥപൂർണങ്ങളായ മൗനങ്ങളാണ് കഥയെ പൂരിപ്പിക്കുന്നത്. ഈ അഭിപ്രായത്തോടുള്ള നിങ്ങളുടെ പ്രതികരണം എഴുതുക

7(b) പാണ്ഡവർ നേടിയ വിജയത്തെ 'വല്ലപാടും നേടിയ വിജയം' എന്ന് മാരാർ വിശേഷിപ്പിച്ചതിന്റെ ഔചിത്യമെന്ത്? വിശദീകരിക്കുക

7(c) "പരലോകത്തുവച്ച് ഇഹലോകകർമ്മങ്ങളെ വിചാരണയ്ക്കെടുക്കുമ്പോ-
ഴുത്തെ തുളഞ്ഞുകയറുന്നതും ഭയം ജനിപ്പിക്കുന്നതുമായ കാഹള ശബ്ദം
പോലെ, തിരുകുറ്റിയുടെ കരച്ചിലൊച്ച അയാളുടെ ചെകിട്ടിലലച്ചു"
ഴാങ് വാൽ ഴാങ്ങിന്റെ മാനസികാവസ്ഥ പ്രതിഫലിപ്പിക്കാൻ ഈ വരികൾക്ക് എത്ര മാത്രം കഴിയുന്നുണ്ട്? വിശകലനം ചെയ്ത് കുറിപ്പ് എഴുതുക.

7(d) കർഷകരോടുള്ള ജന്മികളുടെ ചൂഷണത്തിന്റെ ചിത്രം 'പ്ലാവിലക്കഞ്ഞി' എന്ന പാഠഭാഗത്ത് കാണാം. ഉദാഹരണ സഹിതം വ്യക്തമാക്കുക

8 തന്നിരിക്കുന്നവയിൽ ഏതെങ്കിലും മൂന്നു ചോദ്യങ്ങൾക്കു മാത്രം ഉത്തരം എഴുതുക **(3 X 3=9)**

8(a) ക്രോധാവേശത്താൽ ലോകനാശനത്തിനൊരുങ്ങിയ ലക്ഷ്മണനെ ശ്രീരാമൻ സാന്ത്വനിപ്പിക്കുന്നതെങ്ങനെ?

8(b) "അന്യജീവനുതകി സ്വജീവിതം
ധന്യമാക്കുമമലേ വിവേകികൾ" - ഈ വരികളുടെ സാമൂഹിക പ്രസക്തി പരിശോധിക്കുക

8(c) കവിതയിൽ അമ്മയുടെ കണ്ണുകളെ 'മങ്ങിപ്പഴകിയ പിഞ്ഞാണവർണമായി' എന്നു വിശേഷിപ്പിച്ചിരിക്കുന്നത് എന്തുകൊണ്ടാവാം? വിശദീകരിക്കുക.

8(d) "ഇവരറിയുന്നീലെന്നഭിമാനം!" കേരളസംസ്കൃതിയിൽ കവി ഊറ്റം കൊള്ളുകയാണോ? പാഠഭാഗത്തെ അടിസ്ഥാനമാക്കി വിശദീകരിക്കുക

- - - - - - -